

വയസ്സ്

ജനന തീയതി

പേര്

വിലാസം

രക്ഷകർത്താവിന്റെ ഒപ്പ്:

*കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ*

# ബൈബിൾ ടൈം

## ആരംഭ പാഠം

**LEVEL - 3**

**11 മുതൽ 13 വയസ്സുവരെ**

## പാഠം 1: ബൈബിൾ

### *എന്താണ് ബൈബിൾ?*

ബൈബിൾ ഒരു പുസ്തക ശാലയാണ്. അനേക പുസ്തകങ്ങളുടെ ശേഖരമായ ബൈബിളിനെ രണ്ടായി തിരിച്ചിരിക്കുന്നു, പഴയനിയമവും പുതിയനിയമവും




**ചോദ്യം:** പുസ്തകങ്ങൾ എണ്ണുക.

1. പഴയനിയമത്തിലെ പുസ്തകങ്ങൾ എത്ര? [ ]
2. പുതിയനിയമത്തിലെ പുസ്തകങ്ങൾ എത്ര? [ ]

[ ] /1

വ്യത്യസ്തരായ അനേക വ്യക്തികളാൽ ഏകദേശം 1500 വർഷങ്ങൾ കൊണ്ട് എഴുതിയ പുസ്തകങ്ങളാണ് ബൈബിളിലുള്ളത്. ഈ പുസ്തകങ്ങളിൽ ചിലത് ചരിത്രം, കവിത, ദൈവത്തിന്റെ നിയമങ്ങൾ എന്നിവയും മറ്റുചില പുസ്തകങ്ങൾ യേശുവിന്റെ ജീവചരിത്രവും പ്രതിപാദിക്കുന്നു.

**ചോദ്യം:** ബൈബിളിലെ പുസ്തകങ്ങളുടെ പേരുകൾ കണ്ടെത്തുന്നതിനായി ശരിയാക്കി എടുത്തെഴുതുക.

നത്തർൾസങ്ങങ്കീ – കവിതാപുസ്തകം [ ]

സതീത്തോ – ലേഖനം [ ]

മ്യാഹനെവ് – ചരിത്രപുസ്തകം [ ]

ക്കോലൂസ് – സുവിശേഷം [ ]

[ ] /4

GOSPEL FOR CHILDREN

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന വാചകങ്ങൾ ശരിയോ തെറ്റോ എന്നെഴുതുക.

| | |
|---|---|
| ലൂക്കോസ് സുവിശേഷം പുതിയ നിയമത്തിലാണ് | |
| സങ്കീർത്തനങ്ങൾ പുതിയ നിയമത്തിലാണ് | |
| വെളിപാട് പഴയനിയമ പുസ്തകമാണ് | |
| റോമർ പഴയനിയമ പുസ്തകമാണ് | |
| ഉല്പത്തി പുസ്തകം പഴയ നിയമത്തിലാണ് | |
| നെഹമ്യാവ് പഴയനിയമ പുസ്തകമാണ് | |

/6

ബൈബിളിലെ പുസ്തകങ്ങൾ അദ്ധ്യായങ്ങളായും വാക്യങ്ങളായും തിരിച്ചിട്ടുണ്ട്. നിങ്ങൾ ലുക്കോസിന്റെ സുവിശഷം ഒന്നാം അദ്ധ്യായം നോക്കിയാൽ 80 ഭാഗങ്ങളായി തിരിച്ചിരിക്കുന്നതായി കാണാം. ഇതിനെയാണ് വാക്യങ്ങൾ എന്ന് വിളിക്കുന്നത്. ലൂക്കോസിന്റെ സുവിശേഷത്തിലെ ഏതൊരു ഭാഗവും എളുപ്പം കണ്ടെത്തുവാൻ അദ്ധ്യായങ്ങളും വാക്യങ്ങളും സഹായകരമാകുന്നു.

| **ലൂക്കോസ്** | **2 :** | **11** |
|---|---|---|
| പുസ്തകം | അദ്ധ്യായം | വാക്യം |

**ചോദ്യം:**
താഴെ പറയുന്ന വാക്യങ്ങൾ സുവിശേഷത്തിൽ നോക്കിയതിന് ശേഷം എടുത്തെഴുതുക.

| |
|---|
| ലൂക്കോസ്. 2 : 11 |
| ലൂക്കോസ്. 9 : 20 |
| ലൂക്കോസ്. 19 : 10 |

/9

ഇപ്പോൾ നിങ്ങൾക്ക് ബൈബിളിലെ പുസ്തകങ്ങൾ കണ്ടെത്തുവാൻ കഴിയുമല്ലോ? ആദ്യത്തെ ബൈബിൾ പാഠം പഠിക്കുവാൻ നിങ്ങൾ ഒരുങ്ങികഴിഞ്ഞു. പാഠം ചെയ്യുമ്പോൾ ഓർത്തിരിക്കുക ലൂക്കോസിന്റെ സുവിശേഷം ദൈവവചനത്തിന്റെ ഭാഗമാണ്. നാം ഇതിനെ ദൈവവചനം എന്ന് വിളിക്കുന്നത്, ബൈബിൾ വായിക്കുമ്പോൾ ദൈവം തന്നെപറ്റിയും കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി ചെയ്തതിനെക്കുറിച്ചും പഠിപ്പിക്കുന്നതിനാലാണ്.

**ആകെ**

## പാഠം 2 :  രണ്ട് വീട് പണിക്കാർ



വായന ഭാഗം
ലൂക്കോസ് 6:46–49



താക്കോൽ വാക്യം
ലൂക്കോസ് 6:46

***ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ നിങ്ങളുടെ ജീവിതം പണിയുക.***

ഓരോ പാഠത്തിലും ഓരോ താക്കോൽ വാക്യങ്ങൾ ഉണ്ട്.  പാഠത്തിലെ പ്രധാന ആശയത്തിന്റെ ചുരുക്കരൂപമാണ് ഈ വാക്യം.

**ചോദ്യം:**  ഈ പാഠത്തിലെ താക്കോൽ വാക്യം എഴുതുക.

/3

കർത്താവായ യേശു തന്റെ ശിഷ്യന്മാരോട് രണ്ട് വീട് പണിക്കാരുടെ കഥ പറഞ്ഞു. ഇവർ പണിത വീടുകൾ പുറമേ നോക്കുമ്പോൾ വളരെ മനോഹരമായിരുന്നു.  എന്നാൽ ഇവയുടെ അടിസ്ഥാനങ്ങളുടെ രൂപരേഖ വ്യത്യസ്തമായിരുന്നു. ഇവരിൽ ഒരുവൻ തന്റെ വീട് പാറമേലാണ് പണിതത് എന്നാൽ മറ്റേ ആൾ മണലിന്മേൽ ആണ് പണിതത്.

**ചോദ്യം:** ബൈബിൾ ഭാഗവും പാഠവും ചേർത്ത് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.  താഴെ ചിതറികൊടുത്തിരിക്കുന്ന വാക്കുകളിൽ നിന്നും ഉത്തരം പൂർത്തിയാക്കുക.

1. ഈ പാഠത്തിലെ പണിയുന്നവരിൽ ഒരാൾ
2. പണിയുന്ന മറ്റൊരാൾ
3. എല്ലാവീടുകൾക്കും ഇത് ആവശ്യമാണ്
4. ഉറച്ച അടിസ്ഥാനം ഇല്ലാത്ത വീടിന് ഇത് സംഭവിച്ചു
5. പാറമേൽ അടിസ്ഥാനം ഇട്ട വീടിനെ വെള്ളപ്പൊക്കത്തിന്
6. ഇത് ഉറപ്പുള്ള ഒരു അടിസ്ഥാനമാകുന്നു.
7. ഇത് ഉറപ്പില്ലാത്ത അടിസ്ഥാനം ആകുന്നു.




ഇ  നാ  സ്ഥ  ൻ  യി  ബു  ടി  അ  റ  വീ
ള  മാ  ഹീ  ക  ണു  ദ്ധി  കാ  ബു  ൻ  നം
മാ  ൽ  വീ  പാ  ബു  ല്ല  ദ്ധി  ന

/7

നാം എല്ലാവരും പണിക്കാരാണ് എന്ന് നാം മനസിലാക്കേണ്ടതിനാണ് യേശു ഈ കഥ പറഞ്ഞത്, നാം നമ്മുടെ ജീവിതങ്ങളെയാണ് പണിയുന്നത്. ഇതിനായി നാം ഉപയോഗിക്കുന്നത് നമ്മുടെ ചിന്ത, വാക്ക്, പ്രവൃത്തി എന്നിവയെയാണ്.  ഒരു നല്ല പണിക്കാരനാകുവാൻ ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ പണിയണം.

കർത്താവായ യേശുവും യേശുവിന്റെ വാക്കുകളുമാണ് ഉറപ്പുള്ള അടിസ്ഥാനം.  കർത്താവായ യേശുവിന്റെ വാക്ക് കേട്ടനുസരിച്ചാൽ നാം ബുദ്ധിയുള്ള പണിക്കാരനെപ്പോലെയാണ്. എന്നാൽ നാം യേശുവിന്റെ വാക്ക് കേട്ട് അനുസരിക്കാതിരുന്നാൽ ബുദ്ധിഹീനനായ വ്യക്തിക്ക് തുല്യനാണ്.

LEVEL - 3

11 മുതൽ 13 വയസ്സുവരെ

നിങ്ങൾ യേശുവിനെ അനുഗമിക്കുന്ന വ്യക്തിയാണോ? നിങ്ങൾ അനുവദിക്കുമെങ്കിൽ യേശു നിങ്ങളുടെ സ്നേഹിതനാകുവാൻ ആഗ്രഹിക്കുന്നു. തന്നെ അനുസരിക്കുവാൻ യേശു നിങ്ങളെ സഹായിക്കും. നാം ബൈബിൾ വായിക്കുമ്പോൾ എന്തുചെയ്യണമെന്ന് മനസ്സിലാക്കുവാൻ യേശു നമ്മെ സഹായിക്കും. നാം ബൈബിൾ വായിക്കുകയും അതിൽ പറയുന്നത് ചെയ്യുന്നവരുമാണെന്ന് ഉറപ്പു വരുത്തുക.

**ചോദ്യം:** ഈ കഥയിലെ പണിക്കാർ എപ്രകാരമുള്ളവരായിരുന്നിരിക്കണം എന്ന് കാണിക്കുവാൻ താഴെ കാണുന്ന വാക്കുകൾ തരം തിരിക്കുക. ഓരോ ഭവനത്തിനും യോജ്യമായ വാക്കുകൾ അതാത് കളങ്ങളിൽ എഴുതുക.

നിസ്വാർത്ഥൻ, അനുസരണമില്ലാത്തവൻ, മഠയൻ, സത്യസന്ധൻ, ശ്രദ്ധാലു, അനുസരിക്കുന്നവൻ, ബുദ്ധിമാൻ, ശ്രദ്ധയില്ലാത്തവൻ, സ്വാർത്ഥൻ, ആത്മാർത്ഥതയില്ലാത്തവൻ.







/10

ആകെ

**കർത്താവായ യേശുക്രിസ്തുവിനെ അനുസരിക്കുന്നതിലൂടെ നമ്മുടെ ജീവിതത്തെ ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ പണിത് ബുദ്ധിയുള്ള പണിക്കാരനെപ്പോലെ ആയിതീരണം.**

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

ആകെ..........

ഈ രണ്ട് പാഠങ്ങളും ബൈബിൾ ടൈമിന്റെ ആദ്യ പാഠങ്ങളാണ്. പൂർത്തീകരിച്ചതിന് ശേഷം ഈ പാഠ്യപദ്ധതി നിങ്ങൾക്ക് തന്ന അദ്ധ്യാപകന് തിരിച്ച് ഏൽപ്പിക്കുകയോ തന്നിരിക്കുന്ന അഡ്രസ്സിൽ അയച്ചു തരികയോ ചെയ്യുക.

☐ തുടർന്നുള്ള പാഠങ്ങൾ ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ബോക്സിൽ ടിക് ചെയ്യുക. നിങ്ങളുടെ രക്ഷകർത്താവിന്റെ ഒപ്പ് നിങ്ങളുടെ പേരിന്റേയും അഡ്രസ്സിന്റേയും താഴെ ഇടീക്കുക.

☐ നിങ്ങൾക്ക് സ്വന്തമായി ബൈബിൾ ഉണ്ടെങ്കിൽ ടിക് ചെയ്യുക.

പാഠങ്ങൾ അയക്കേണ്ട വിലാസം
G4C
PB No. 4
ANGAMALY - 683 572
KERALA

*For Private Circulation Only*

www.besweb.org www.biblelinkit.com www.g4c.in

GOSPEL FOR CHILDREN